# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2643 — 17.06.2019 ൽ മറുപടിയ്ക്ക്

## ഇക്കോ ടൂറിസം മേഖലയിൽ പ്ലാസ്റ്റിക് നിയന്ത്രണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അബ്ദുൾ ഹമീദ് പി | | അഡ്വ.കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | ഇക്കോ ടൂറിസം മേഖലകളിലെ സന്ദർശക വാഹകശേഷി കണക്കാക്കുന്നതിനായുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ഇക്കോ ടൂറിസം മേഖലകളിലെ സന്ദർശക വാഹകശേഷി കണക്കാക്കുന്നതിനായുള്ള പഠനം നടന്നു വരികയാണ്. സൗത്ത് വയനാട് ഡിവിഷനിലെ കുറുവ ഇക്കോ ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട സന്ദർശക വാഹകശേഷി പഠനത്തിന് കോയമ്പത്തൂർ ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജെനറ്റിക്സ് & ട്രീ ബ്രീഡിംഗ് (IFGTB) -യെ ചുമതലപ്പെടുത്തുകയും, അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പെരിയാർ ടൈഗർ റിസർവ്വ്, ഇരവികുളം നാഷണൽ പാർക്ക്, ഷോള നാഷണൽ പാർക്ക് മൂന്നാർ, ചിന്നാർ വന്യജീവി സങ്കേതം എന്നീ നാല് ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ സന്ദർശക വാഹകശേഷി പഠിക്കുന്നതിനായി കൽക്കട്ട ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s Stesallt System Ltd.-നെ ചുമതലപ്പെടുത്തുകയും ആയതിന്റെ കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റുള്ള 20 കേന്ദ്രങ്ങൾ കൂടി പഠനവിധേയമാക്കുന്നുണ്ട്. |
| (ബി) | ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ടോ; പ്ലാസ്റ്റിക്കിനുപകരം പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള വസ്തുക്കൾ ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (ബി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്. സന്ദർശകർ കൊണ്ടുവരുന്ന പ്ലാസ്റ്റിക്ക് സാധനങ്ങൾ സന്ദർശക സഹായകേന്ദ്രങ്ങളിലോ ചെക്കിംഗ് കൗണ്ടറുകളിലോ വാങ്ങി വെച്ച ശേഷം തുണിസഞ്ചികൾ പോലെയുള്ള പരിസ്ഥിതി സൗഹൃദമായവ സന്ദർശകർക്ക് നൽകിയാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിലേക്ക് സന്ദർശകരെ പ്രവേശിപ്പിക്കുന്നത്. കൂടാതെ സന്ദർശകരെ ബോധവൽക്കരിക്കുന്നതിനായി ബോർഡുകളും മറ്റു സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ